## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5101 | 24.10.2011-ലെ മറുപടിക്ക് |
|---|---|

### ദേശീയ മാനസിക ആരോഗ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ശാരീരിക ആരോഗ്യ പരിപാലന മേഖലയിലെ പ്രവർത്തനങ്ങളെ അപേക്ഷിച്ച് മാനസിക ആരോഗ്യ പരിപാലന മേഖലയിലെ പ്രവർത്തനങ്ങൾ വളരെ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) ആത്മഹത്യാ നിരക്ക്, മദ്യം, മയക്കുമരുന്ന് ഉപയോഗം, ലൈംഗിക കുറ്റകൃത്യങ്ങൾ എന്നിവയുടെ ഗണ്യമായ വർദ്ധനവുകൾ നിയന്ത്രിക്കുവാൻ മാനസിക ആരോഗ്യ കാമ്പയിനുകൾ അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; | ബി) മാനസിക ആരോഗ്യ കാമ്പയിനുകൾ അനിവാര്യമാണ്. |
| സി) എങ്കിൽ പുതിയതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | സി) കുട്ടികളിലും കൗമാര പ്രായക്കാരിലും ഉള്ള ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ മാനസികാരോഗ്യ പരിചരണം കൂടി ഉൾപ്പെടുത്തുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ മാനസികാരോഗ്യ പദ്ധതിയിലും സ്കൂൾ കുട്ടികളുടേയും കൗമാര പ്രായക്കാരുടേയും മാനസികാരോഗ്യ പരിചരണം പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള അഞ്ചു ജില്ലാ മാനസികാരോഗ്യ പദ്ധതികളിലും എൻ.ആർ.എച്ച്.എം -ന്റെ കീഴിലുള്ള സാമൂഹ്യ മാനസികാരോഗ്യ പരിപാടികളിലും ഇത്തരം പരിപാടികൾക്ക് പ്രാധാന്യം നൽകുന്നുണ്ട്. |

| | |
|---|---|
| ഡി) മാനസിക ആരോഗ്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ; | ഡി) തെരഞ്ഞെടുക്കപ്പെട്ട ഏതാനും സന്നദ്ധ സംഘടനകൾക്ക് പ്രോൽസാഹനം ലഭിക്കുന്നുണ്ട്. |
| ഇ)എങ്കിൽ വിശദാംശം അറിയിക്കുമോ; | ഇ) കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് 2006-08 കാലയളവു മുതൽ സംസ്ഥാനത്തുള്ള പതിനേഴു ലഹരി ചികിത്സാ കേന്ദ്രങ്ങൾക്കും മൂന്നു മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾക്കും ധനസഹായം നൽകി വരുന്നു. മാനസികാരോഗ്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് അനുസരിച്ച് അപേക്ഷിയ്ക്കുന്ന മുറയ്ക്ക് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ അപേക്ഷയിന്മേൽ അന്വേഷണം നടത്തുകയും അർഹതപ്പെട്ടതാണെങ്കിൽ സാമൂഹ്യക്ഷേമ ഡയറക്ടർ പി.ഡബ്ല്യു.ഡി രജിസ്ട്രേഷൻ നൽകുകയും ചെയ്യുന്നു. കൂടാതെ കൺട്രോൾഡ് ക്യൂവേർഡ് മെന്റലി ഇൽ വ്യക്തികൾക്ക് അഭയം നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ അന്വേഷണം നടത്തി അർഹതയുള്ള സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് ലഭിക്കുന്നതിന് ശുപാർശ ചെയ്യുന്നു. |
| എഫ്) 1982-ൽ ആരംഭിച്ച ദേശീയ മാനസിക ആരോഗ്യ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ? | എഫ്) ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ ജില്ലാ മാനസികാരോഗ്യ പദ്ധതി നിലവിൽ തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി കഴിഞ്ഞു. ശേഷിക്കുന്ന ജില്ലകളിൽകൂടി ഈ പദ്ധതി നടപ്പിലാക്കുവാൻ ഉള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ